LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

29 (3588) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി ഓഫീസ് കെട്ടിടമുള്ള എത്ര വില്ലേജ് ഓഫീസുകളുണ്ട് ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രത്യേക പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ ?

ഉത്തരം

(എ) 1407 വില്ലേജ് ഓഫീസുകളുണ്ട്.

(ബി) വില്ലേജ് 'റിക്കാർഡ് റൂം' നിർമ്മിക്കുന്നതിന് 50% കേന്ദ്രസഹായത്തോടെയുള്ള ഒരു പദ്ധതി നിലവിലുണ്ട്.

സ്വകാര്യം-റവന്യൂ ഭൂമിയിൽ സ്വകാര്യ കമ്പനിയുടെ ഏജന്റുമാരുടെ സർവ്വേ

30 (3589) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ-റവന്യൂ ഭൂമിയിൽ സ്വകാര്യ കമ്പനിയുടെ ഏജന്റുമാർ സർവ്വേ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഉടമയുടെയും ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും അറിവോ സമ്മതമോ ഇല്ലാതെയാണ് ഇത്തരം സർവ്വേ നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

സർവ്വേ വകുപ്പിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി

31 (3590) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ; പ്രസ്തുത ഒഴിവുകൾ ഏതൊക്കെ ഓഫീസുകളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്താത്തതുകൊണ്ട് ജില്ലകളിലെ പ്രവർത്തനത്തിന് മാന്ദ്യം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;